**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

| | |
|---|---|
| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2906** | **18.08.2017-ൽ മറുപടിയ്ക്ക്** |

## ഭവനനിർമ്മാണ ബോർഡിന്റെ പ്രവർത്തനം ശാക്തീകരിക്കുന്നതിനുള്ള നടപടികൾ

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീ. ഇ.കെ. വിജയൻ<br>ശ്രീ. വി.ആർ. സുനിൽ കുമാർ<br>ശ്രീമതി. സി.കെ. ആശ | ശ്രീ.ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ പ്രവർത്തനം ശാക്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ; | (എ) സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ബോർഡിന്റെ എല്ലാ ഓഫീസുകളും പൂർണ്ണ തോതിൽ കംപ്യൂട്ടർവൽക്കരിക്കുകയും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടി പുരോഗമിച്ചു വരികയുമാണ്.<br>ഭവനനിർമ്മാണ ബോർഡ് ഓഫീസുകളിൽ വായ്പാ വിതരണ ജോലികൾ സജീവമായിരുന്ന മുൻകാലങ്ങളിൽ വിവിധ ജില്ലകളിലായി ബ്രാഞ്ച് ഓഫീസുകൾ ഉൾപ്പെടെ 43 ഓളം ഓഫീസുകൾ ഉണ്ടായിരുന്നു. ബോർഡിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ലാഭകരമല്ലാത്ത ബ്രാഞ്ച് ഓഫീസുകൾ പലതും നിർത്തലാക്കിയത് മുഖേന പ്രവർത്തന ചെലവ് ചുരുക്കാൻ സാധിച്ചിട്ടുണ്ട്.<br>ഭവനനിർമ്മാണ ബോർഡ് നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് മുൻകാലങ്ങളിൽ സർക്കാർ അനുമതിയോടുകൂടി തസ്തികകൾ മരവിപ്പിച്ചിരുന്നതുപോലെ, വിവിധ കാറ്റഗറികളിലായി 205 തസ്തികകൾ മരിവിപ്പിക്കുന്നതിന് സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്. |
| (ബി) സർക്കാർ ജീവനക്കാർക്കുള്ള വാടക വീട് പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റ് വിഹിതമുപയോഗിച്ച് സർക്കാർ ഭൂമിയിൽ ഫ്ലാറ്റുകൾ നിർമ്മിച്ച് സർക്കാർ ജീവനക്കാർക്ക് ക്വാർട്ടേഴ്സായി അലോട്ട് ചെയ്യുന്നതിനായി, റവന്യൂ വകുപ്പിന് കൈമാറുന്ന പദ്ധതിയാണിത്. 2011-12 മുതൽ |

നടപ്പിലാക്കിയ ഈ പദ്ധതിയിലൂടെ കാസർഗോഡ് ജില്ലയിൽ മൂന്നു ഘട്ടങ്ങളിലായി 36 ഫ്ലാറ്റുകളും ഇടുക്കി ജില്ലയിൽ ദേവികുളത്ത് രണ്ട് ഘട്ടങ്ങളിലായി 12 ഫ്ലാറ്റുകളും തൃശ്ശൂർ ജില്ലയിൽ കട്ടനെല്ലൂരിൽ 6 ഫ്ലാറ്റുകളും നിർമ്മിച്ച് (ആകെ 54 ഫ്ലാറ്റുകൾ) റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ നാലാം ഘട്ടമായി 24 ഫ്ലാറ്റുകൾ (കാസർഗോഡ് ജില്ലാ ആസ്ഥാനത്ത് 12 ഫ്ലാറ്റുകളും ഹോസ്ദുർഗ് താലൂക്കാസ്ഥാനത്ത് 12 ഫ്ലാറ്റുകളും) കൂടി നിർമ്മിക്കുന്നതിന് 2017-18 വർഷത്തെ ബഡ്ജറ്റിൽ 500 ലക്ഷം രൂപ വകയിരുത്തുകയും 06.06.2017-ലെ സ.ഉ. (സാധാ) 34/2017/ഭവനം നമ്പർ ഉത്തരവിലൂടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

(സി) ആശ്വാസ വീട് എന്ന പേരിൽ പദ്ധതി (സി) നടപ്പാക്കുന്നുണ്ടോ ; വ്യക്തമാക്കുമോ?

2017-18 വർഷത്തെ ബഹു. ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിലും ബഡ്ജറ്റ് പ്രസംഗത്തിലും ആശ്വാസ് വാടക വീട് എന്ന പദ്ധതി ഭവനനിർമ്മാണ ബോർഡ് മുഖേന നടപ്പിലാക്കുന്നതാണെന്ന് പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ നടപ്പ് വർഷത്തെ ബഡ്ജറ്റിൽ 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മെഡിക്കൽ കോളേജുകളിൽ ചികിത്സ തേടുന്ന രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും താമസസൗകര്യം ലഭ്യമാക്കുന്നതിനായി മെഡിക്കൽ കോളേജുകൾക്ക് സമീപമുള്ള റവന്യൂ ഭൂമിയിൽ ഫ്ലാറ്റുകൾ നിർമ്മിച്ച് വാടകയ്ക്ക് ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെയുള്ള പദ്ധതിയാണിത്. പദ്ധതി നടപ്പിലാക്കാനനുയോജ്യമായ റവന്യൂ ഭൂമി ലഭ്യമാക്കാൻ ജില്ലാ കളക്ടർമാരോടും മെഡിക്കൽ കോളേജുകളുടെ കൈവശമുള്ള ഭൂമി ലഭ്യമാക്കാൻ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽമാരോടും മെഡിക്കൽ എഡ്യുക്കേഷൻ ഡയറക്ടറോടും ആവശ്യപ്പെട്ടിട്ടുണ്ട്. ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി രൂപകൽപ്പന ചെയ്ത് നടപ്പാക്കുന്നതാണ്.

സെക്ഷൻ ഓഫീസർ